**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5239** **12-08-2021 - ൽ മറുപടിയ്ക്ക്**

**ട്രഷറി ഇടപാടുകളുടെ കമ്പ്യൂട്ടർവൽക്കരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ട്രഷറികളിലെ ഇടപാടുകൾ പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിച്ച സാഹചര്യത്തിൽ നെറ്റ്‌വർക്കിന്റെയും സോഫ്റ്റ്‌വെയറിന്റെയും സെർവ്വറിന്റെയും ന്യൂനതകൾമൂലം ഇടപാടുകാർക്ക് കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | മെയ് 2021-ൽ ഉയർന്ന സ്പെസിഫിക്കേഷൻ ഉള്ള പുതിയ ട്രഷറി സെർവ്വർ സ്ഥാപിച്ച ശേഷം ട്രഷറി ഇടപാടുകൾക്ക് കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | അത് പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വിശദമാക്കാമോ; | (ബി) | ട്രഷറി സോഫ്റ്റ് വെയറിലോ നെറ്റ് വർക്കിലോ ഏതെങ്കിലും തകരാറ് കണ്ടെത്തിയാൽ ഉടൻ തന്നെ പരിഹരിക്കാറുണ്ട്. |
| (സി) | കോവിഡ് കാലത്ത് സംസ്ഥാനത്തെ പെൻഷൻകാരിൽ ഭൂരിഭാഗവും ട്രഷറിയിൽ നേരിട്ടെത്തി ഇടപാടുകൾ നടത്തുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | കോവിഡ് സാഹചര്യം പരിഗണിച്ച് തിരക്ക് നിയന്ത്രിക്കുന്നതിനായി നേരിട്ട് ട്രഷറിയിലെത്തുന്നവരുടെ സേവിംഗ്സ് ബാങ്ക് അക്കൗണ്ട് നമ്പറിന്റെ അവസാന അക്കത്തിന്റെ അടിസ്ഥാനത്തിൽ പെൻഷൻകാർക്ക് പെൻഷൻ സ്വീകരിക്കാൻ നിശ്ചിത ദിവസം നിശ്ചയിച്ചുനൽകി തിരക്ക് നിയന്ത്രിക്കുന്നുണ്ട്. |
| (ഡി) | ഓൺലൈൻ ഇടപാടുകളെക്കുറിച്ചുള്ള അജ്ഞത പരിഹരിക്കാൻ ബോധവൽക്കരണം നടത്തുന്നതിന് എന്തെങ്കിലും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ എന്ന് വിശദമാക്കാമോ; | (ഡി) | ട്രഷറി വകുപ്പിന്റെ വെബ് സൈറ്റ് മുഖേനയും ട്രഷറികൾ മുഖേന ഇടപാടുകാർക്ക് പരസ്യ നോട്ടീസുകൾ വിതരണം ചെയ്തും ജീവനക്കാരുടെയും പെൻഷൻകാരുടെയും സംഘടനകളുടെ സഹായത്തോടെ അവരുടെ ഇടയിൽ പ്രചാരണം നടത്തിയും വാട്സ്ആപ് സന്ദേശങ്ങൾ പ്രചരിപ്പിച്ചും എഫ്.എം റേഡിയോ മുഖേന പരസ്യം നൽകിയും ട്രഷറി നൽകുന്ന സേവനങ്ങളെ കുറിച്ചും റ്റി.എസ്.ബി ഓൺലൈൻ-നെ കുറിച്ചും വ്യാപക പ്രചാരണം വകുപ്പ് നൽകിയിട്ടുണ്ട്. ഇത്തരം പ്രചാരണങ്ങൾ ഇനിയും തുടരുന്നതാണ്. |
| (ഇ) | ഓൺലൈൻ ഇടപാടുകളെക്കുറിച്ച് ബോധവൽക്കരണം നടത്തി അവരെ ഓൺലൈൻ ഇടപാടുകൾക്ക് പ്രാപ്തരാക്കുന്നതിനായി വിവിധ പെൻഷൻകാരുടെ സംഘടനകളുടെ സഹായത്തോടെ പദ്ധതി രൂപീകരിച്ച് | (ഇ) | വകുപ്പ് നൽകുന്ന സേവനങ്ങളെക്കുറിച്ച പൊതുജനമധ്യത്തിൽ പ്രചാരണം നടത്തുന്നതിന് പെൻഷൻകാരുടെ സംഘടനകൾ ഉൾപ്പെടെയുള്ള എല്ലാ സർക്കാരിതര സംഘടനകളുടെയും സേവനം പ്രയോജനപ്പെടുത്തുന്നതാണ്. |

| | | | |
|---|---|---|---|
| | നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിക്കാമോ; അറിയിക്കുമോ? | | |

സെക്ഷൻ ഓഫീസർ